**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2174** **30-09-2025 - ൽ മറുപടിയ്ക്ക്**

**ജയിൽ നവീകരണവും പരിഷ്കാരങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജയിലുകളിൽ നടപ്പാക്കിയ പുതിയ പരിഷ്കാരങ്ങളെ കുറിച്ച് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ജയിലുകളിൽ നടപ്പാക്കിയ പുതിയ പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു:<br><br>i. സംസ്ഥാനത്തെ നാലാമത്തെ സെൻട്രൽ ജയിലായി 12/06/2022-ൽ തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമും, കണ്ണൂർ ജില്ലയിൽ 07.06.2022-ൽ കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലും പ്രവർത്തനമാരംഭിച്ചു.<br><br>ii. ജയിലുകളുടെ സുരക്ഷ മുൻനിർത്തി എല്ലാ ജയിലുകളേയും കോടതികളേയും ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ കോൺഫെറൻസിംഗ് സംവിധാനം പൂർണ്ണ നിലയിൽ പ്രവർത്തന സജ്ജമാക്കുവാൻ സാധിച്ചു.<br><br>iii. തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ ജയിലുകൾ കേന്ദ്രീകരിച്ച്, പ്രസ്തുത ജയിലുകൾക്ക് സമീപമുള്ള ജയിൽ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി അത്യാധുനിക വയർലെസ്സ് കമ്മ്യൂണിക്കേഷൻ സംവിധാനമായ ടെട്രാ കമ്മ്യൂണിക്കേഷൻ സ്ഥാപിക്കുകയും 05.08.2023 ൽ പ്രവത്തനമാരംഭിക്കുകയും ചെയ്തു.<br><br>iv. ഇ-ഗവേർണൻസിന്റെ ഭാഗമായി ജയിൽ വകുപ്പിൽ 2024-ൽ ഇ- ഓഫീസ് സംവിധാനം ആരംഭിച്ചു.<br><br>v. ജയിലുകളിലെ ഉല്പാദന, വിപണന യൂണിറ്റുകളിലെ ലാഭവിഹിതത്തിന്റെ 50% തുക ഉപയോഗപ്പെടുത്തി 2018-19 ൽ രൂപീകരിച്ച 'പ്രിസൺ ഡവലപ്പ്മെന്റ് ഫണ്ട്' (പി.ഡി.എഫ്.) - ന്റെ ഫലപ്രദമായ വിനിയോഗത്തിനായി പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ 11.09.2024 തീയതിയിലെ സ.ഉ(കൈ)നം.207/2024/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുകയും |

| | | | |
|---|---|---|---|
| | | | പ്രസ്തുത ഫണ്ടിന്റെ കാര്യക്ഷമമായ വിനിയോഗം നടന്നുവരുകയും ചെയ്യുന്നു. പ്രസ്തുത ഫണ്ടിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊട്ടാരക്കര, മാവേലിക്കര, ഇരിങ്ങാലക്കുട എന്നീ 4 സ്പെഷ്യൽ സബ് ജയിലുകളിൽ കൗൺസലർമാരെ പ്രതിമാസ കരാർ വേതന വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.<br><br>vi. പുതിയതായി പ്രവർത്തനം ആരംഭിച്ച തവനൂർ സെൻട്രൽ പ്രിസണിലും കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലിലുമായി 173 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br>vii. ജയിലുകളിലെ ഓവർ ക്രൗഡിങ് പരിഗണിച്ച് മുഴുവൻ ജയിൽ സ്ഥാപനങ്ങളുടെയും ശേഷി വർദ്ധിപ്പിക്കൽ, ഇൻഫ്രാസ്ട്രക്ച്ചർ വികസനം, തടവുകാരുടെ എണ്ണത്തിന് ആനുപാതികമായി അധിക തസ്തികകൾ അനുവദിക്കൽ എന്നിവ സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പ്രവൃത്തിപഠനം നടത്തി വരികയാണ്. |
| (ബി) | കോഴിക്കോട് ജില്ലാ ജയിൽ നവീകരണത്തിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കോഴിക്കോട് ജില്ലാ ജയിലിൽ ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച കെട്ടിടം പൊളിച്ച് പുതുക്കി പണിയുന്നതിനും അതിനോടനുബന്ധമായുള്ള മറ്റ് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനും പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരികയാണ്. |
| (സി) | കോഴിക്കോട് ജില്ലയിൽ നിലവിലെ ജയിലുകൾക്കു പുറമേ പുതിയ ജയിലുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിൽ പുതുപ്പാടി വില്ലേജിൽ പുതിയ ജയിൽ സ്ഥാപിക്കുന്നതിനുള്ള ശിപാർശയും വടകര താലൂക്കിൽ നടുക്കുതാഴെ വില്ലേജിൽ പുതുപ്പണം ദേശത്ത് റൂറൽ ജയിൽ നിർമ്മിക്കുന്നതിനുള്ള ശിപാർശയും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ